പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1841 11.2.2013 ൽ മറുപടിയ്ക്ക്

വികലാംഗ ദിനത്തിൽ വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവിറക്കൽ

ചോദ്യം

ശ്രീ. പി.തിലോത്തമൻ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1999 ആഗസ്റ്റ് 16 മുതൽ 2003 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിയമിക്കപ്പെടുകയും 179 ദിവസം പൂർത്തിയാക്കുകയും ചെയ്ത വികലാംഗരായ താൽക്കാലിക ജീവനക്കാരെ, അതാത് വകുപ്പുകളിൽ സ്ഥിരപ്പെടുത്തിക്കൊണ്ട്, വികലാംഗ ദിനത്തിൽ ഉത്തരവിറക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>(ബി) പ്രസ്തുത ഉത്തരവിലൂടെ എത്ര പേർക്ക് നിയമനം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ; | (എ) & (ബി)<br>ഇത്തരത്തിലൊരു സർക്കാർ പ്രഖ്യാപനം ഉണ്ടായിട്ടില്ല. എന്നാൽ 16.8.99 മുതൽ 31.12.2001 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 179 ദിവസം ജോലി ചെയ്ത അംഗപരിമിതരെ ചില വ്യവസ്ഥകൾക്ക് വിധേയമായി പി.എസ്.സിയുമായി കൂടി ആലോചിച്ച് സ്ഥിര നിയമനം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 16.8.99 മുതൽ 31.12.2001 വരെ ജോലി ചെയ്ത 1953 പേരെ സ്ഥിരപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത് |
| (സി) പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാൻ അർഹതയുള്ളവർ മുൻപ് ഇറങ്ങിയിട്ടുള്ള ഇതേ സ്വഭാവമുള്ള മറ്റൊരുത്തരവിൽ ഉൾപ്പെടുകയും നിയമനം ലഭിക്കുകയും ചെയ്താൽ അവരെ പുതിയ ഉത്തരവിൽ ഉൾപ്പെടുത്താതിരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും അത് എന്തു കാരണം കൊണ്ടാണെന്നും വ്യക്ത മാക്കുമോ; | (സി) സർവ്വീസിൽ മറ്റേതെങ്കിലും തസ്തികയിൽ സ്ഥിരനിയമനം ലഭിച്ചു കഴിഞ്ഞവരെ ഇപ്പോഴുള്ള നിയമനങ്ങൾക്കായി പരിഗണിക്കേണ്ടതില്ല എന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) മെച്ചപ്പെട്ട മറ്റൊരു ജോലിയ്ക്ക് അർഹത യുള്ള വികലാംഗർക്ക് അതിന് അവസരം നൽകാതിരിക്കലല്ലേ അതിലൂടെ ഉണ്ടാവുക എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) പ്രസ്തുത കാലയളവിലെ മുഴുവൻ വികലാംഗരെയും പുതിയ ഉത്തരവിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഇ) 16.8.99 മുതൽ 31.12.2001 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 179 ദിവസം ജോലി ചെയ്ത അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. അതിനുശേഷം 31.12.2003 വരെ ജോലി ചെയ്തിരുന്ന താൽക്കാലിക വികലാംഗജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |

Elizabeth

സെക്ഷൻ ഓഫീസർ